# പതിമൂന്നാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 147 08/02/2016-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി: | | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി): | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും മത്സ്യബന്ധന വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാമാണ് ; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | എ | ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഫിഷറീസ് വകുപ്പു വഴിയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴിയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളും ഇവയിൽ അതത് വർഷം പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവയുടെയും വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു. |
| ബി) | കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി മത്സ്യബന്ധന വകുപ്പിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്രശതമാനം പിൻവലിച്ചു; ആയതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര; | ബി) | മത്സ്യബന്ധന വകുപ്പിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും വകയിരുത്തിയ തുകയിൽ പിൻവലിച്ചതിന്റെ ശതമാനവും ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുകയുടെയും വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കുമോ?

സി) **ഫിഷറീസ് വകുപ്പ്**

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 217.43 |
| 2012-13 | 2525.29 |
| 2013-14 | 1082.42 |
| 2014-15 | 9476.06 |
| 2015-16 | 1644.00 |

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

2011-12-ൽ 85.86 ലക്ഷം, 2012-13-ൽ 209 ലക്ഷം, 2013-14-ൽ 298.76 ലക്ഷം, 2014-15-ൽ 97.02 ലക്ഷം രൂപ വീതം റീ-അപ്രോപ്രിയേഷൻ വഴി വക മാറ്റി ഈ വകുപ്പിൽ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

അനുബന്ധം (എ)

## ഫിഷറീസ് വകുപ്പ്

| വർഷം | പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 2011-12 | തീരദേശ വികസന അതോറിറ്റി രൂപീകരണം | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നല്ല രീതിയിൽ പ്രവർത്തിക്കുന്നതി നാൽ ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 2012-13 | 1)സംയോജിത കടൽ സുരക്ഷാ പദ്ധതി | 2012-13-ൽ ഈ പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല |
| | 2)കോൾഡ് ചെയിൻ പദ്ധതി | നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് പ്രൊപ്പോസൽ നൽകിയെങ്കിലും അനുമതി ലഭി ച്ചിട്ടില്ല |
| 2013-14 | മറൈൻ ആംബുലൻസ് | ടെ ണ്ട ർ നടപടികൾ പുരോഗമി ക്കുന്നു. |
| | ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് | 2013-14-ൽ ഈപ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല |
| | മോഡൽ ഫിഷ് ഫാം | ഭരണാനുമതി നൽകിയിട്ടുണ്ട് ബഡ്ജറ്റ് വിഹിതം ഉൾപ്പെടു ത്തേതു ണ്ട്. എന്നാൽ നിലവിൽ ഈ ഘടകം മത്സ്യ മത്സ്യസമൃദ്ധി Phase II യിൽ ഉൾപ്പെടുത്തിയിട്ടു ണ്ട് |
| | ഫിഷ് പ്രോസസിംഗ് സെന്റർ | കണ്ണൂർ അഴീക്കലിൽ ഫിഷ് പ്രോസസിംഗ് സെന്റർ സ്ഥാപി ക്കുന്നതിനുള്ള ടെ ണ്ട ർ നടപടി പൂർത്തീകരിച്ചു |
| | അടിമലത്തുറ മാതൃകാ മത്സ്യഗ്രാമം | ഭരണാനുമതി നൽകി. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| 2014-15 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ വിപണനശാല തുടങ്ങുന്നതിന് സഹായം | 2014-15-ൽ ഈ പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല |
| | വിഴിഞ്ഞം, പുല്ലുവിള മാതൃകാ മത്സ്യഗ്രാമം പദ്ധതി | 2014-15-ൽ ഈ പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല |
| | എറണാകുളം വല നിർമ്മാണ ഫാക്ടറിയിലെ പഴയ വല നിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റിക്കൊ ണ്ട് പുതിയ മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി | ഭരണാനുമതി നൽകി. നിർവ്വ ഹണം പുരോഗിക്കുന്നു. 5 കോടി രൂപ നൽകിയിട്ടു ണ്ട്. പുതിയ മെഷീനുകൾ വാങ്ങിയിട്ടു ണ്ട് . പഴയ വല നിർമ്മാണ യന്ത്രങ്ങൾ ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

| വർഷം | പ്രഖ്യാപനം | പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്തവയുടെ വിശദാംശവും എണ്ണവും |
|---|---|---|
| 2011-12 | താനൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖ ത്തിന്റെ നിർമ്മാണം ആരംഭിക്കും. | ഈ പ്രഖ്യാപനം 2011-12 വർഷത്തിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല (1 എണ്ണം) |
| 2012-13 | തലായ്, ചേറ്റുവ, മുതലപ്പൊഴി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടപ്പുവർഷം പൂർത്തീക രിക്കും. താനൂരിൽ 20 കോടി രൂപ ചെലവിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നടപ്പുവർഷം വികസിപ്പിക്കും. | ഇതിൽ തലായ്, ചേറ്റുവ, മുതലപ്പൊഴി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖ ങ്ങളുടെ നിർമ്മാണം 2012-13 വർഷത്തിൽ പൂർത്തീകരി ക്കാൻ സാധിച്ചിട്ടില്ല. താനൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 2012-13 സാമ്പത്തികവർഷം അവസാനം ഭരണാനുമതി ലഭിച്ച പ്രകാരം 2013-14 വർഷ ത്തിൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടുള്ളൂ. (5 എണ്ണം) |
| 2013-14 | കേന്ദ്രസഹായത്തോടുകൂടി അർത്തുങ്കൽ, വെള്ളയിൽ, താനൂർ എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണപ്രവർത്തനം നടപ്പുവർഷം ആരംഭിക്കും. പരപ്പനങ്ങാടിയിൽ 65 കോടി രൂപ ചെലവിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കും. | പരപ്പനങ്ങാടിയിൽ 65 കോടി രൂപ ചെലവിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളായ ഇൻവെസ്റ്റിഗേഷൻ, മോഡൽസ്റ്റഡി, പരിസ്ഥിതി ആഘാത പഠനം എന്നിവ മാത്രമാണ് തനത് വർഷം നടപ്പിലാക്കിയിട്ടുള്ളത് (1 എണ്ണം) |
| 2014-15 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ ത്തിന്റെ പ്രാരംഭ പ്രവർത്ത നങ്ങൾക്കും മറ്റുമായി ഒരു കോടി രൂപ വകയിരുത്തു ന്നതാണ് | പരിസ്ഥിതി ആഘാത പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 2015-16 | പ്രഖ്യാപനങ്ങളൊന്നുമില്ല. | --- |

സെക്ഷൻ ആഫീസർ

## അനുബന്ധം (ബി)

### ഫിഷറീസ് വകുപ്പ്

| വർഷം | ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ) | പിൻവലിച്ച തുക (ശതമാനത്തിൽ) |
|---|---|---|---|---|
| 2011-12 | 19981.33 | 18891.25 | 1090.08 | 94.54 % |
| 2012-13 | 27361.00 | 23030.42 | 4330.58 | 84.17 % |
| 2013-14 | 29903.74 | 24269.57 | 5634.17 | 81.16 % |
| 2014-15 | 36728.40 | 25215.10 | 11513.30 | 68.70 % |
| 2015-16 (UP to December 2015) | 35860.00 | 24900.00 | 10960.00 | 69.40 % |

പിൻവലിച്ച തുകയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലായി 13993.24/- ലക്ഷം രൂപ (30/11/2015 ലെ കണക്കനുസരിച്ച്) വിവിധ അക്കൗണ്ടുകളിലായി ട്രഷറിയിൽ നിലവിലുണ്ട്. പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

| | (തുക ലക്ഷത്തിൽ) | | | |
|---|---|---|---|---|
| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവഴിക്കാൻ കഴിയാത്ത തുക | പിൻവലിച്ച തുക ശതമാനം |
| 2011-12 | 4582.03 | 4234.47 | 347.56 | 92.41% |
| 2012-13 | 5933.76 | 3961.97 | 1971.79 | 66.76% |
| 2013-14 | 7046.29 | 5556.71 | 1489.58 | 78.86% |
| 2014-15 | 7662.51 | 5955.73 | 1706.78 | 77.72% |
| 2015-16 (31/12/15 വരെ) | 7058.00 | 6344.65 | 713.35 | 90% |
| ഈ വകുപ്പിൽ വകയിരുത്തിയ തുകയിൽ ചെലവഴിയ്ക്കാത്ത തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതിയില്ല. ചെലവഴിയ്ക്കാത്ത തുക റീ-അപ്രോപ്രിയേഷൻ/ സറണ്ടർ ചെയ്യുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. | | | | |

സെക്ഷൻ ആഫീസർ